(സി) ആകെയുള്ള ചെക്ക് ഡാമുകളിൽ എത്രയെണ്ണത്തിൽ എല്ലാ കാലത്തും വെള്ളം ഉണ്ടാകുമെന്ന് പറയാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പണി പൂർത്തിയായ 78 ചെക്ക് ഡാമുകൾ ഉണ്ട്. കൂടാതെ 8 ചെക്ക് ഡാമുകളുടെ പണി നടന്നുവരുന്നു.

(ബി) സ്വകാര്യ വ്യക്തികൾ നിർമ്മിച്ച തടയണകൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിർമ്മാണം പൂർത്തിയായ തടയണകളിൽ അതിരൂക്ഷമായ വരൾച്ചക്കാലത്ത് ഒഴികെ മറ്റെല്ലാ സമയത്തും വെള്ളമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പയസ്വിനി പുഴയ്ക്ക് കുറുകെ കർണ്ണാടക സർക്കാർ ചെക്ക് ഡാം നിർമ്മിക്കുന്ന നടപടി

76 [258] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പയസ്വിനി പുഴയ്ക്ക് കുറുകെ കർണ്ണാടക സർക്കാർ ചെക്ക് ഡാം നിർമ്മിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് പ്രദേശത്തെ കാർഷിക കുടിവെള്ള മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കുന്ന രീതിയിലുള്ള കർണ്ണാടക സർക്കാരിന്റെ തടയണ നിർമ്മാണം സംബന്ധിച്ച് ഇരുസർക്കാരുകളും തമ്മിൽ ചർച്ച ചെയ്യാൻ തയ്യാറാകുമോ;

(സി) തടയണ നിർമ്മാണം ഒഴിവാക്കുന്നതിനുവേണ്ടി സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പയസ്വിനി പുഴയ്ക്ക് കുറുകെ കർണ്ണാടക സർക്കാർ ചെക്ക് ഡാം നിർമ്മിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുടിവെള്ളം ശേഖരിക്കുന്നതിനായി ഓടവയൽ എന്ന സ്ഥലത്ത് കഴിഞ്ഞ സീസണിൽ താൽക്കാലിക ബണ്ട് കെട്ടിയിരുന്നു. അത്തരം പ്രവൃത്തികൾ ഇപ്പോൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly